പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3165 10.05.2017 -ൽ മറുപടിക്ക്.

# ഹോട്ടലുകളിൽ ഏകീകൃത ഭക്ഷണനിരക്ക്

| ചോദ്യം<br>**ശ്രീ.എ.എം. ആരിഫ്** | മറുപടി<br>**ശ്രീ. പി. തിലോത്തമൻ**<br>**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** |
|---|---|
| (എ) ഹോട്ടലുകളിൽ വില്പന നടത്തുന്ന ഭക്ഷണ പദാർത്ഥങ്ങളുടെ വില ഏകീകരിക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ? | (എ) ഹോട്ടലുകളിലെ ഭക്ഷണ പദാർത്ഥങ്ങളുടെ വില ക്രമീകരിക്കുന്നതിനായി രൂപം നല്കിയ "2015 ലെ കേരള ഹോട്ടലുകൾ (ഭക്ഷണ വില ക്രമീകരണം) ബില്ല്" നമ്പർ 382 ആയി പ്രസിദ്ധീകരിച്ചുവെങ്കിലും പതിമൂന്നാം കേരള നിയമസഭാ സമ്മേളന കാലയളവിൽ നിയമ നിർമ്മാണത്തിനായി വയ്ക്കുവാൻ കഴിയാത്തതിനാൽ ലാപ്സായിരുന്നു. ഹോട്ടലുകളെ ഗ്രേഡ് ചെയ്ത് വില ഏകീകരിക്കുന്നതിനുള്ള ശ്രമം നിയമപരമായി നിലനിൽക്കുമോ എന്ന കാര്യം പരിശോധിക്കുന്നതിനായി 10.08.2016 തീയതിയിൽ ഒരു യോഗം ചേർന്നിരുന്നു. നിയമം മൂലമുള്ള ഭക്ഷണ വില ഏകീകരണത്തിന് സാധ്യത ഇല്ലെന്നും ആയത് അപ്രായോഗികമാണെന്നുമുള്ള വാദമാണ് പ്രസ്തുത യോഗത്തിൽ ഉയർന്നു വന്നത്. ഇതിന്റെ അടിസ്ഥാനത്തിൽ ടി ബില്ലിന് പ്രസക്തി ഇല്ല എന്ന് കണ്ടതിനാൽ മറ്റ് എന്ത് നടപടികൾ സ്വീകരിക്കാമെന്ന് ഗൗരവപൂർവ്വം ആലോചിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ